പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ : 95

1.7.2015 ലെ മറുപടിയ്ക്ക്

## അദ്ധ്യാപക പാക്കേജ്

| | ചോദ്യം<br>ശ്രീ.ഹൈബി ഈഡൻ<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,,പി.എ.മാധവൻ<br>,, സണ്ണി ജോസഫ് | | ഉത്തരം<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസവകുപ്പമന്ത്രി) |
|---|---|---|---|
| (എ) | അദ്ധ്യാപക പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ; | (എ) യും (ബി) യും | ഉണ്ട്. സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ചട്ടങ്ങളും ഉത്തരവുകളും വ്യവസ്ഥകളും ലംഘിച്ചുകൊണ്ട് മാനേജർമാർ നടത്തിയ നിയമനങ്ങൾ കാരണം അംഗീകാരമില്ലാതെയും ശമ്പളമില്ലാതെയും ജോലിചെയ്തിരുന്ന അദ്ധ്യാപകരുടെയും പ്രൊട്ടക്ടഡ് അദ്ധ്യാപകരുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനവും പുനർവിന്യാസവും ശാസ്ത്രീയമായ രീതിയിൽ നടപ്പിലാക്കുന്നതിനുമായാണ് അദ്ധ്യാപക പാക്കേജിന് രൂപം നൽകിയത്. എന്നാൽ ബഹു.ഹൈക്കോടതി 30107/13 ഉം മറ്റനുബന്ധ കേസുകളിലെയും 15.1.2015 ലെ വിധിയിലൂടെ പാക്കേജും അനുബന്ധ ഉത്തരവുകളും റദ്ദുചെയ്തിട്ടുണ്ട്. പ്രസ്തുത വിധിക്കെതിരെ സർക്കാർ W.A: 812/15 എന്ന നമ്പറിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. അന്തിമവിധി ലഭ്യമായിട്ടില്ല. |
| (ബി) | അദ്ധ്യാപക പാക്കേജ് വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | | |
| (സി) | പാക്കേജിലെ പ്രധാന വിഷയങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (സി) | പാക്കേജിന് രൂപംനല്കി പുറപ്പെടുവിച്ച 1.10.2011 ലെ ജി.ഒ (പി) 199/11/പൊവിവ നമ്പർ ഉത്തരവ്, അദ്ധ്യാപകബാങ്ക് രൂപീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച 23.12.2014 ലെ സ.ഉ(പി) 278/14/പൊവിവ എന്നീ ഉത്തരവുകൾ |

| | | | |
|---|---|---|---|
| | | | അനുബന്ധമായി ചേർത്തിട്ടുണ്ട് |
| (ഡി) | പാക്കേജ് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ഡി) | അദ്ധ്യാപകപാക്കേജ് പ്രകാരം ശമ്പളമില്ലാതെ ജോലിയിൽ തുടർന്നിരുന്ന 2813 അദ്ധ്യാപകർക്ക് അംഗീകാരം നല്കി ശമ്പളം നൽകി. കൂടാതെ 2987 പ്രൊട്ടക്റ്റഡ് അദ്ധ്യാപകർക്കും തസ്തികയില്ലാതെ സർവ്വീസിൽ തുടർന്ന 134 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ, കുട്ടികളുടെ കുറവ് മൂലം പുറത്തുപോയ 51 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ, 1159 റിട്രെഞ്ച്ഡ് ടീച്ചേഴ്സ്, പഞ്ചായത്ത് സ്കൂളുകളിലെ ശമ്പളമില്ലാതെ ജോലി ചെയ്തിരുന്ന 4 പേർ, പഞ്ചായത്ത് സ്കൂളുകളിൽ കുട്ടികളുടെ കുറവ് മൂലം പുറത്തുപോയ 11 അദ്ധ്യാപകർ, സ്പെഷ്യൽ സ്കൂളുകളിലെ ശമ്പളമില്ലാതെ ജോലിചെയ്തിരുന്ന 4 അദ്ധ്യാപകർ എന്നിവർക്ക് നിയമനാംഗീകാരം നൽകിയിട്ടുണ്ട്. 23.12.2014 ലെ സ.ഉ.(പി)നം.278/14/പൊവിവ പ്രകാരം അദ്ധ്യാപകബാങ്ക് രൂപീകരിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പാക്കേജ് ഉത്തരവുകളെല്ലാം ബഹു.ഹൈക്കോടതി റദ്ദുചെയ്തിരിക്കുന്ന സാഹചര്യത്തിലും അപ്പീലിന്മേൽ അന്തിമവിധിയാകാത്തതിനാലും ബാങ്ക് രൂപീകരണത്തിനുള്ള തുടർ നടപടികൾക്ക് തത്ക്കാലം നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**